# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5960. 04.11.2016 ൽ മറുപടിക്ക്

## ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഡിസ്ട്രിക്ട്ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനംഗുകൾക്ക് വേണ്ടത്ര ഫണ്ട് അനുവദിക്കാത്തതുമൂലം പ്രവർത്തനം മുടങ്ങി കിടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) ഇല്ല. |
| ബി) അദ്ധ്യാപക പരിശീലനത്തിന് കേന്ദ്ര ഗവൺമെൻറ് ഈ വർഷം ഫണ്ട് നൽകിയിട്ടുണ്ടോ;സംസ്ഥാന ഗവൺമെൻറ് വിഹിതം നൽകുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) 2016-17 വർഷത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ പരിശീലനകേന്ദ്രങ്ങളിൽ അദ്ധ്യാപക പരിശീലനയിനത്തിൽ കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം 340.2 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി (60:40 ക്രമത്തിൽ കേന്ദ്ര സംസ്ഥാന പദ്ധതിയായതിനാൽ ടി യിനത്തിൽ കേന്ദ്ര സർക്കാർ വിഹിതം 204.12 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 136.08 ലക്ഷം രൂപയുമാണ്) 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ട്രെയിനിംഗ് ഇനത്തിൽ 2202-01-102-92-34 ശീർഷകത്തിൽ 17,32,74,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) എത്ര ലക്ഷം രൂപയാണ് ഓരോ ഡയറ്റിനും ഫണ്ട് അനുവദിക്കുന്നത്; ഇതു സംബന്ധിച്ച് ഉപദേശക സമിതികൾ നിലവിലുണ്ടോ; വിശദമാക്കുമോ? | സി) കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഡയറ്റുകളുടെ പ്രവർത്തനത്തിനായിട്ടുള്ള മാർഗ്ഗ രേഖപ്രകാരം ട്രെയിനിംഗ് ഇനത്തിൽ 30 ലക്ഷംരൂപ വീതമാണ് ഓരോ ഡയറ്റിനും പ്രതിവർഷം അനുവദിച്ചിരിക്കുന്നത്. TEAB (Teacher Education Appraisal Board) യുടെ അനുമതി പ്രകാരമാണ് തുക അനുവദിച്ചു കിട്ടുന്നത്. |

സെക്ഷൻ ഓഫീസർ